**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2643** **14-09-2023 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതിക്കുള്ള കേന്ദ്രാനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ അക്കൗണ്ടിലേയ്ക്കുള്ള സർക്കാർ വിഹിതം 14% ആക്കി ഉയർത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ 31.01.2019-ലെ എഫ് .നം .1/3/2016-പി ആർ ഓഫീസ് മെമ്മോറാണ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പ്രകാരം പ്രസ്തുത ജീവനക്കാരുടെ പെൻഷൻ അക്കൗണ്ടിൽ 14% വിഹിതം സർക്കാർ അടയ്ക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ പുന:പരിശോധനാ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി ഈ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ച് വരികയുമാണ്. ആയതിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിന്റെ കോംപൻസേഷൻ എന്ന രീതിയിൽ കേന്ദ്രത്തിൽ നിന്നും എത്ര തുകയാണ് എല്ലാ വർഷവും കടമെടുക്കുന്നതെന്ന വിശദാംശം നൽകാമോ; | (ബി) | പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ അധിക ബാധ്യതാ കോമ്പൻസേഷനായി 2022-23 സാമ്പത്തിക വർഷം 1755.82 കോടി രൂപയും, 2023-24 സാമ്പത്തിക വർഷം 1755.50 കോടി രൂപയും സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട് സർവീസിൽ ഇരുന്ന് മരിച്ചവരുടെ കുടുംബത്തിനുള്ള കുടുംബ പെൻഷൻ, പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായവർക്കുള്ള ഡി.സി.ആർ.ജി., 14% സർക്കാർ വിഹിതം എന്നിവ സംസ്ഥാനത്ത് അനുവദിക്കാത്തത് എന്തു കൊണ്ടാണെന്ന് അറിയിക്കാമോ; | (സി) | പുന:പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച വരുന്ന സാഹചര്യത്തിലും ടി വിഷത്തിന്മേൽ നയപരമായ തീരുമാനം ആവശ്യമായതിനാലും ആയതിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് സർക്കാർ ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്. |
| (ഡി) | കേന്ദ്ര സർക്കാരും മറ്റു സംസ്ഥാന സർക്കാരുകളും നടപ്പിലാക്കിയ അതേ പദ്ധതി തന്നെയാണോ കേരളത്തിൽ നടപ്പിലാക്കിയിരിക്കുന്നത്; ഇല്ലെങ്കിൽ കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതും കേരളത്തിൽ മാത്രം അനുവദിച്ചിട്ടില്ലാത്തതുമായ പ്രസ്തുത ആനുകൂല്യങ്ങൾ | (ഡി) | കേന്ദ്ര സർക്കാർ 01.01.2004 - ൽ നടപ്പിലാക്കിയ അതേ പദ്ധതി തന്നെയാണ് 01.04.2013 മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയിരിക്കുന്നത്. പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്ന സാഹചര്യത്തിലും പ്രസ്തുത റിപ്പോർട്ടിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | ഉടനടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ